NEWS HAWK

07 March 2026

# From coast to enterprise, women entrepreneurs steering change in fisheries



Kochi: This International Women's Day, the ICAR-Central Marine Fisheries Research Institute (CMFRI) is set to honour two such inspiring women, Sheeja Cylvi and K. S. Ramadevi Pramod, whose grit and enterprise have transformed modest beginnings into sustainable fisheries ventures. The recognition will be part of the institute's International Women's Day celebrations in Kochi on Monday, where industrialist and philanthropist Sheela Kochouseph Chittalappilly will attend as chief guest.

Both entrepreneurs are beneficiaries of CMFRI's Science, Technology and Innovation (STI) Hub project, an initiative aimed at strengthening livelihood opportunities in coastal communities by providing training, technical support and entrepreneurial guidance. For Sheeja Cylvi, a resident of St Sebastian Island in Ashtamudi Lake in Kollam district, aquaculture has become a lifeline. Over the past decade, she has built a thriving venture centred on mussel and oyster farming. What began as a small initiative gradually grew into a reliable source of income after she attended training programmes organised by CMFRI.

Today, a single crop raised from ten sacks of mussel seeds can yield nearly Rs 1 lakh at harvest. Beyond supporting her own household and her children's education, Sheeja has also helped introduce mussel farming to women-led self-help groups in the area, enabling several others in the community to earn a livelihood.

A similar journey of perseverance marks the story of Ramadevi Pramod from Nayarambalam in Ernakulam district. What started as a hobby nearly a decade ago has evolved into a commercial ornamental fish farming enterprise. After becoming a beneficiary of the STI Hub project in 2022, Ramadevi expanded her operations into a full-scale unit. She now supplies ornamental fish to the state-run Kerala Aqua Ventures International Limited (KAVIL) while also selling directly from her farm, earning around Rs 5,000 a week from the trade.

By recognising these journeys, CMFRI hopes to spotlight the growing role of women entrepreneurs in fisheries and inspire more coastal women to explore opportunities in marine and inland aquaculture, proving that resilience and knowledge can turn even small ventures into powerful engines of change.

07 March 2026

# അഷ്ടമുടിക്കായലിലെ 'കല്ലുമ്മക്കായയും' അലങ്കാരമത്സ്യങ്ങളും; തീരദേശത്തെ പെൺകരുത്തിന് സിഎംഎഫ്ആർഐയുടെ ആദരം



എറണാകുളം: കഠിനാധ്വാനവും ആത്മവിശ്വാസവും കൈമുതലാക്കി മത്സ്യമേഖലയിൽ സംരംഭകത്വ മികവ് തെളിയിച്ച രണ്ട് തീരദേശ വനിതകൾക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൻ്റെ (സിഎംഎഫ്ആർഐ) അംഗീകാരം. അന്താരാഷ്ട്ര വനിതാദിനാഘോഷങ്ങളുടെ ഭാഗമായി കൊല്ലം സ്വദേശിനി ഷീജ സിൽവി, എറണാകുളം സ്വദേശിനി കെ എസ് രമാദേവി പ്രമോദ് എന്നിവരെയാണ് സിഎംഎഫ്ആർഐ ആദരിക്കുന്നത്. തിങ്കളാഴ്ച നടക്കുന്ന ചടങ്ങിൽ പ്രമുഖ സംരംഭക ഷീല കൊച്ചൗസേപ്പിൽ നിന്ന് ഇരുവരും പുരസ്കാരങ്ങൾ ഏറ്റുവാങ്ങും.

## കല്ലുമ്മക്കായ കൃഷിയിലെ വിപ്ലവം

കൊല്ലം തെക്കുംഭാഗം സെൻ്റ് സെബാസ്റ്റ്യൻ ഐലൻഡിലെ ഷീജ സിൽവി അഷ്ടമുടിക്കായലിൽ നടത്തുന്ന കല്ലുമ്മക്കായ- കടൽമുരിങ്ങ കൃഷിയിലൂടെയാണ് വിപ്ലവം സൃഷ്ടിച്ചത്. പത്ത് വർഷം മുമ്പ് ഭർത്താവ് സിൽവിക്കൊപ്പം ചെറിയ രീതിയിൽ തുടങ്ങിയ ഈ സംരംഭം ഇന്ന് ലാഭകരമായ ഒരു വാണിജ്യ യൂണിറ്റായി വളർന്നിരിക്കുന്നു.

സിഎംഎഫ്ആർഐയുടെ എസ്ടിഐ (സയൻസ് ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതി വഴി ലഭിച്ച ശാസ്ത്രീയ പരിശീലനമാണ് തൻ്റെ വിജയത്തിന് പിന്നിലെന്ന് ഷീജ സാക്ഷ്യപ്പെടുത്തുന്നു. ഒരു യൂണിറ്റിൽ നിന്ന് ഒരു ലക്ഷം രൂപ വരെ ലാഭം കൊയ്യുന്ന ഷീജ, തൻ്റെ വിജയത്തോടൊപ്പം അയൽപക്കത്തെ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ നൽകാനും ശ്രദ്ധിക്കുന്നു. നിരവധി വനിതാ സ്വയംസഹായ ഗ്രൂപ്പുകളെ ഈ മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ ഇവർ നിർണായക പങ്കുവഹിക്കുന്നു.

## അലങ്കാരമത്സ്യങ്ങളിലൂടെ സ്വയംപര്യാപ്തത

എറണാകുളം നായരമ്പലം സ്വദേശിനിയായ രമാദേവി പ്രമോദ് അലങ്കാരമത്സ്യ കൃഷിയിലാണ് മികവ് തെളിയിച്ചത്. പത്ത് വർഷം മുമ്പ് ഒരു വിനോദമായി തുടങ്ങിയ മീൻവളർത്തൽ, 2022-ൽ സിഎംഎഫ്ആർഐയുടെ എസ്ടിഐ ഹബ് പദ്ധതിയുടെ ഭാഗമായതോടെ ഒരു വലിയ സംരംഭമായി മാറി. ഇന്ന് ഇവരുടെ ഫാമിൽ വൈവിധ്യമാർന്ന അലങ്കാരമത്സ്യങ്ങളുടെ ശേഖരമുണ്ട്. കൃഷിക്ക് പുറമെ വിത്തുൽപാദനത്തിലും രമാദേവി വൈദഗ്ധ്യം നേടിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ 'കാവിൽ' വഴിയും നേരിട്ടും നടത്തുന്ന വിപണനത്തിലൂടെ ആഴ്ചയിൽ ശരാശരി 5,000 രൂപയോളം വരുമാനം ഇവർ നേടുന്നു. ഭർത്താവ് പ്രമോദിൻ്റെ പൂർണ പിന്തുണയും ഈ വിജയത്തിന് പിന്നിലുണ്ട്.

## അർഹതയ്ക്കുള്ള അംഗീകാരം

സാങ്കേതിക വിദ്യയെയും കഠിനാധ്വാനത്തെയും സമന്വയിപ്പിച്ചുകൊണ്ട് കുടുംബത്തിൻ്റെ ജീവിതനിലവാരം ഉയർത്തുകയും സമൂഹത്തിന് മാതൃകയാവുകയും ചെയ്തതിനാണ് ഈ രണ്ട് വനിതകളെയും സിഎംഎഫ്ആർഐ ആദരിക്കുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഗ്രിൻസൺ ജോർജ് പറഞ്ഞു. മാനേജ്മെൻ്റ് വൈദഗ്ധ്യവും തൊഴിലിനോടുള്ള അർപ്പണബോധവും എങ്ങനെ സാധാരണക്കാരായ സ്ത്രീകൾക്ക് വലിയ മാറ്റങ്ങൾ കൊണ്ടുവരാം എന്നതിൻ്റെ തെളിവാണ് ഇവരുടെ ജീവിതമെന്നും അദ്ദേഹം പറഞ്ഞു.

കേരളശബ്ദം ONLINE

07 March 2026

# മത്സ്യമേഖലയിൽ വിജയഗാഥയുമായി ഷീജസിൽവിയും രമാദേവിയും സംരംഭകത്വ മികവിന് സിഎംഎഫ്ആർഐയുടെ അംഗീകാരം



**കൊച്ചി:** കഠിനാധ്വാനത്തിലൂടെ മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് മാതൃകയാകുകയാണ് ഷീജ സിൽവിയും കെ എസ് രമാദേവി പ്രമോദും. സംരംഭകത്വ മികവിലൂടെ കഴിവ് തെളിയിച്ച രണ്ട് തീരദേശ വനിതകളെയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) തിങ്കളാഴ്ച നടക്കുന്ന അന്താരാഷ്ട്ര വനിതാദിന പരിപാടിയിയിൽ ആദരിക്കും.

കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം ജില്ലയിലെ തെക്കും ഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലന്റിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. എറണാകുളം ജില്ലയിലെ നായരമ്പലം സ്വദേശിയായ രമാദേവി അലങ്കാരമത്സ്യ കൃഷിയിലാണ് മികവ് തെളിയിച്ചത്.

മത്സ്യമേഖലലയിലുള്ളവർക്ക് സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്.ടി.ഐ (സയൻസ് ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും.

കൊല്ലം അഷ്ടമുടിക്കായലിൽ ഭർത്താവ് സിൽവിയോടൊപ്പമാണ് ഷീജ കല്ലുമ്മക്കായ - കടൽ മുരിങ്ങ കൃഷിയിലേക്കിറങ്ങിയത്. പത്ത് വർഷം മുമ്പ് ചെറിയ രീതിയിൽ തുടങ്ങിയ ഈ സംരംഭം സിഎംഎഫ്ആർഐയുടെ പരിശീലനത്തിലൂടെയാണ് വാണിജ്യാടിസ്ഥാനത്തിലേക്ക് വളർത്തിയത്. ശാസ്ത്രീയരീതി അവലംബിക്കുന്നതിനാൽ വരുമാനം മെച്ചപ്പെടുത്താനായി. ഒരു യൂണിറ്റിൽ നിന്ന് ഒരു ലക്ഷം രൂപവരെ ലാഭം ലഭിക്കും. കുട്ടികളുടെ പഠനം ഉൾപ്പെടെ കുടുംബത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചത് കായലിലെ കൃഷിയാണ്. അയൽപക്കത്തെ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ നൽകാനും ഇവർക്ക് സാധിക്കുന്നുണ്ട്. മേഖലയിലെ വനിതാ സ്വയംസഹായ ഗ്രൂപ്പുകളെ ഈ രംഗത്തേക്ക് എത്തിക്കുന്നതിലും ഷീജ നിർണ്ണായക പങ്കുവഹിക്കുന്നു.

പത്ത് വർഷം മുമ്പ് വെറും ഒരു വിനോദമായി അലങ്കാരമത്സ്യ കൃഷി തുടങ്ങിയതാണ് രമാദേവി. പടിപടിയായയാണ് പുരോഗതി കൈവരിച്ചത്. 2022 ൽ സിഎംഎഫ്ആർഐയുടെ എസ്. ടി.ഐ. ഹബ് പദ്ധതിയുടെ ഗുണഭോക്താവാകാൻ സാധിച്ചത് സംരംഭകത്വ രംഗത്ത് വഴിത്തിരിവായി. ലഭ്യമായ എല്ലാതരം അലങ്കാരമത്സ്യങ്ങളെയും രമാദേവിയുടെ ഫാമിൽ വളർത്തുന്നുണ്ട്. മത്സ്യകൃഷിയോടൊപ്പം വിത്തുൽപാദനവും നടത്തുന്നുണ്ട്. നിലവിൽ സർക്കാർ സ്ഥാപനമായ കാവിൽ (കേരള അകാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) വഴിയും നേരിട്ടും ഇവർ മത്സ്യങ്ങൾ വിപണനം ചെയ്യുന്നു. ആഴ്ചയിൽ ശരാശരി 5,000 രൂപയോളം വരുമാനം ഈ മേഖലയിൽ നിന്ന് തനിക്ക് ലഭിക്കും. ഭർത്താവ് പ്രമോദ് നേട്ടങ്ങൾക്ക് കൂട്ടായി ഒപ്പമുണ്ട്.

കഠിനാദ്ധ്വാനത്തിലൂടെയും മാനേജ്മെന്റ് വൈദഗ്ദ്ധ്യം പുറത്തെടുത്തും വിജയം കൈവരിച്ചതിനുള്ള അംഗീകാരമായി 9 ന് നടക്കുന്ന രാജ്യാന്തര വനിതാദിനാഘോഷ പരിപാടിയിൽ സിഎം എഫ്.ആർഐ ഇരുവരെയും ആദരിക്കും. ചടങ്ങിൽ ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി മുഖ്യാതിഥിയാകും.